AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

# Press Release

PR . 136/2019 02.09.2019

## ഓണസമൃദ്ധി – 2019
## കൃഷിവകുപ്പിന്റെ 2000 പഴം-പച്ചക്കറി വിപണികൾ

### സംസ്ഥാനതല ഉദ്ഘാടനം 5-ന് മുഖ്യമന്ത്രി നിർവഹിക്കും

കൃഷിവകുപ്പിന്റെ ശക്തമായ വിപണി ഇടപെടലിന്റെ ഭാഗമായി ഇത്തവണയും ഓണം പ്രമാണിച്ച് 2000 നാടൻ പഴം-പച്ചക്കറി വിപണികൾ വകുപ്പ് സംഘടിപ്പിക്കുകയാണ്. സെപ്തംബർ 07 മുതൽ 10 വരെ 4 ദിവസം നീണ്ടുനിൽക്കുന്ന ചന്തകളാണ് ഇത്തവണ ഒരുക്കിയിട്ടുള്ളത്. പദ്ധതിയുടെ ഉദ്ഘാടനം 5-ന് വൈകിട്ട് 5.30-ന് തിരുവനന്തപുരം പാളയം ഹോർട്ടികോർപ്പ് വിപണിയിൽ കൃഷിവകുപ്പ് മന്ത്രി വി.എസ്. സുനിൽകുമാറിന്റെ അധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ കേരളമുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിക്കും.

കൃഷിവകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, കുടുംബശ്രീ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് വിപണികൾ സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. കൃഷിഭവനുകൾ നേരിട്ട് സംഘടിപ്പിക്കുന്ന 1350 വിപണികൾ, ഹോർട്ടികോർപ്പിന്റെ 500 വിപണികൾ, വി.എഫ്.പി.സി.കെ യുടെ 150 വിപണികൾ എന്നിങ്ങനെയാണ് വിപണികളുടെ കണക്ക്. കൃഷിവകുപ്പിന്റെ കീഴിലുള്ള വിപണികൾ കൃഷിഭവനുകൾ, ആഴ്ചചന്തകൾ, ഇക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക്ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻസ്, കുടുംബശ്രീകൾ എന്നിവയുടെ സഹകരണത്തോടെയായിരിക്കും നടത്തുന്നത്.

ഓരോ ജില്ലയിലും സംഘടിപ്പിക്കുന്ന ഓണം വിപണികളിലേക്കാവശ്യമായ പഴം-പച്ചക്കറി ഉത്പന്നങ്ങൾ പരമാവധി അതാതു ജില്ലകളിലെ കർഷകരിൽ നിന്നും സംഭരിക്കുന്നതാണ്.

നല്ല കൃഷിമുറ സമ്പ്രദായത്തിലൂടെ ഉത്പാദിപ്പിക്കപ്പെട്ട (Good Agricultural Practices) പച്ചക്കറി ഉത്പന്നങ്ങൾ സംഭരിക്കുമ്പോൾ പൊതു വിപണികളിൽ നിന്നും കർഷകർക്ക് ലഭ്യമാകുന്ന സംഭരണ വിലയേക്കാൾ 20% അധികം വില നൽകി

സംഭരിക്കുകയും പൊതു വിപണി വിൽക്കുന്ന വിലയിൽ നിന്ന് 10% സബ്സിഡി നൽകി കൊണ്ടുള്ള നിരക്കിൽ വിപണിയിലൂടെ ഉപഭോക്താക്കൾക്ക് 30 ശതമാനം കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. 'കേരള ഓർഗാനിക് ലേബലോ'ടുകൂടി പ്രകൃതിയോടിണങ്ങിയ പാക്കിംഗിൽ മാത്രമാണ് ജി.എ.പി ഉത്പന്നങ്ങൾ വിൽപ്പന നടത്തുന്നത്.

ഓണസമൃദ്ധി വിപണികളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതാണ്. **'തുണിസഞ്ചി ശീലമാക്കു-പ്ലാസ്റ്റിക് ഉപേക്ഷിക്കൂ'** എന്ന ബോർഡ് സ്ഥാപിക്കുകയും, ആവശ്യമായ തുണി സഞ്ചികൾക്കുള്ള വില ഉപഭോക്താക്കളിൽ നിന്നു ഈടാക്കുകയും ചെയ്യും. ഈ വർഷം 100 രൂപ വിലയുള്ള പച്ചക്കറി കിറ്റുകൾ പ്രത്യേകമായി തയ്യാറാക്കി വിപണനം നടത്തുന്നു. പഴം-പച്ചക്കറി ഉത്പന്നങ്ങൾ കൂടാതെ മറയൂർ ശർക്കര, മറയൂർ വെളുത്തുള്ളി, കേര വെളിച്ചെണ്ണ, തേൻ മുതലായവയും, ഫാമുകളുടെ ഉത്പന്നങ്ങളും മറ്റ് വകുപ്പുകൾ (മിൽമ, കെപ്കോ, എം.പി.ഐ) നൽകുന്ന ഉത്പന്നങ്ങളും സ്റ്റാളുകൾ വഴി വിൽപന നടത്തുന്നതാണ്.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
**Website**: www.fibkerala.gov.in **Email**:fibtvm@gmail.com
**Telephone:** 0471 2317314